"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസം - പറവൂർ എസ്.എൻ.വി.ജി.എച്ച്.എസിലെ എച്ച്.എസ്.ടി (എൻ.എസ്) ശ്രീമതി.ശ്രീലേഖ അമ്മ.വി.യ്ക്ക് (ഇപ്പോൾ സി.ആർ.സി. കോ-ഓർഡിനേറ്റർ, ബി.ആർ.സി. കരിമണ്ണൂർ) മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.5097/2022/GEDN തീയതി,തിരുവനന്തപുരം, 24-08-2022

പരാമർശം:- 1. ശ്രീമതി.ശ്രീലേഖ അമ്മ.വിയുടെ 06.11.2020 ലെ അവധി അപേക്ഷ

2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 31.01.2021 ലെ ഇറ്റി1/7419/2020/ഡിജിഇ നമ്പർ കത്ത്

ഉത്തരവ്

പറവൂർ എസ് . എൻ . വി . ജി . എച്ച് . എസിലെ എച്ച് . എസ് . ടി (എൻ . എസ്) ശ്രീമതി . ശ്രീലേഖ അമ്മ . വി . (ഇപ്പോൾ സി . ആർ . സി . കോ - ഓർഡിനേറ്റർ , ബി . ആർ . സി, കരിമണ്ണൂർ) 04.11.2019 മുതൽ 6 മാസം വരെ മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം തുടർ നടപടികൾക്കായി ലഭ്യമാക്കിയിരുന്നു .

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ജി.ഒ.(പി)നം.134/16/പൊ.വി.വ. തീയതി 05-08-2016 ലെ വ്യവസ്ഥ പ്രകാരം സംരക്ഷണ ആനുകൂല്യം നൽകി സി.ആർ.സി കോർഡിനേറ്ററുടെ തസ്തികയിൽ നൽകിയത് പുനർവിന്യാസമായതിനാൽ ജി.ഒ.(പി) 29/16/പൊ.വി.വ. തീയതി 29-01-2016 ലെ III(4)(ബി) വ്യവസ്ഥ നൽകുന്ന പരിരക്ഷണം പ്രകാരം ലീവടക്കം മറ്റു സർവ്വീസ് ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. മേൽ സാഹചര്യത്തിൽ സി.ആർ.സി കോർഡിനേറ്ററുടെ തസ്തികയിൽ പുനർവിന്യാസം ലഭിച്ച് ജോലിയിൽ തുടർന്ന് വന്ന ശ്രീമതി.ശ്രീലേഖ അമ്മ. വി യ്ക്ക് 04.11.2019 മുതൽ 6 മാസം മെഡിക്കൽ ഗ്രൗണ്ടിൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ വിവരം ടിയാരിയുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മീനാംബിക എം.ഐ

ജോയിന്റ് സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ വിദ്യാഭ്യാസ ആഫീസർ, കൊല്ലം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീമതി.ശ്രീലേഖ അമ്മ. വി, സി.ആർ.സി. കോ-ഓർഡിനേറ്റർ, ബി.ആർ.സി. കരിമണ്ണൂർ

സ.ഉ.(സാധാ) നം.5097/2022/GEDN

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L
Date: 24-08-2022 10:50:22

സെക്ഷൻ ഓഫീസർ